## കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ നടപടിക്രമം

കോളേജ് വിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - അഡീഷണൽ ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ തസ്തികകളുടെ പൂർണ്ണ അധികചുമതല സർക്കാർ സാധൂകരണത്തിന് വിധേയമായി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നം.ബി1/11073/2017/കോവി.വ തീയതി - 01/08/2017

---

*പരാമർശം;-* 1. കോഴിക്കോട് മേഖല ഡയറക്ടറേറ്റിൽ നിന്നുള്ള അപേക്ഷ.

2. 18/07/2017 - ലെ ജി.ഒ (പി) നമ്പർ 1384/17/ഉ.വി.വ നമ്പർ സർക്കാർ ഉത്തരവ്

## ഉത്തരവ്

കോളേജ് വിദ്യാഭ്യാസ വകുപ്പ് കോഴിക്കോട് മേഖലാ ഡെപ്യൂട്ടി ഡയറക്ടറുടെ ചുമതല വഹിക്കുന്ന മടപ്പള്ളി ഗവൺമെന്റ് കോളേജ് പ്രിൻസിപ്പാൾ ശ്രീമതി.എം.ചിത്രലേഖ അവധിയിൽ പ്രവേശിക്കുന്നതിനാൽ ഡെപ്യൂട്ടി ഡയറക്ടറുടെ പൂർണ്ണ അധിക ചുമതല മറ്റൊരു ഉദ്യോഗസ്ഥന് കൈമാറണമെന്ന് മേൽ സൂചന (1) പ്രകാരം അപേക്ഷിച്ചിരിക്കുന്നു.

കോളേജ് വിദ്യാഭ്യാസ വകുപ്പ് അഡീഷണൽ ഡയറക്ടറുടെ പൂർണ്ണ അധിക ചുമതല വഹിച്ചിരുന്ന ആറ്റിങ്ങൽ ഗവൺമെന്റ് കോളേജ് പ്രിൻസിപ്പാൾ ഡോ.പി.അനിത ദമയന്തി, ഡെപ്യൂട്ടി ഡയറക്ടറുടെ ചുമതല വഹിച്ചിരുന്ന നെടുമങ്ങാട് ഗവൺമെന്റ് കോളേജ് പ്രിൻസിപ്പാൾ ഡോ.ഡി.കെ.സതീഷ് എന്നിവർക്ക് യഥാക്രമം തിരുവനന്തപുരം വനിതാ കോളേജ്, തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ് എന്നിവിടങ്ങളിൽ സ്പെഷ്യൽ ഗ്രേഡ് പ്രിൻസിപ്പാൾമാരായി മേൽ പരാമർശം (2) പ്രകാരം സ്ഥാനക്കയറ്റം നൽകി ഉത്തരവായിരുന്നു.

മേൽ സാഹചര്യങ്ങളിൽ കോഴിക്കോട് ഡെപ്യൂട്ടി ഡയറക്ടറുടെ സാമ്പത്തിക അധികാരത്തോട് കൂടിയ പൂർണ്ണ അധിക ചുമതല കോഴിക്കോട് ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജ് പ്രിൻസിപ്പാൾ ഡോ.പി.എ.ശിവരാമകൃഷ്ണന് നൽകിയും, ഡോ.പി.അനിത ദമയന്തി, ഡോ.ഡി.കെ.സതീഷ് എന്നിവരെ യഥാക്രമം കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറേറ്റിലെ അഡീഷണൽ ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ തസ്തികകളുടെ പൂർണ്ണ അധിക ചുമതലയിൽ തുടരാൻ അനുവദിച്ചുകൊണ്ടും സർക്കാർ സാധൂകരണത്തിന് വിധേയമായി ഉത്തരവാകുന്നു.

ഒപ്പ്/-
എം.എസ്.ജയ.ഐ.എ.എസ്.
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്:-

1. ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർക്കും വ്യക്തികൾക്കും (ഔദ്യോഗിക വെബ്സൈറ്റ് മുഖേന)
2. പ്രിൻസിപ്പൽ സെക്രട്ടറി
   ഉന്നത വിദ്യാഭ്യാസ (എഫ്) വകുപ്പ്
3. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളാ, കോട്ടയം.
4. കരുതൽ ഫയൽ/ നടപ്പ് ഫയൽ

//അംഗീകാരത്തോടെ//

സൂപ്രണ്ട്

എസ്.ഒ.02/08/2017

0010064

GOVERNMENT OF KERALA